**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5011 23.03.2018 ന് മറുപടിയ്ക്ക്.

**<u>വന്യജീവികളുടെ ആക്രമണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | മരണമടഞ്ഞവരുടെ എണ്ണം | |
|---|---|---|
| | വന്യജീവി ആക്രമണം | പാമ്പുകടി |
| തിരുവനന്തപുരം | 5 | 9 |
| കൊല്ലം | 1 | 11 |
| പത്തനംതിട്ട | 1 | 19 |
| ആലപ്പുഴ | 0 | 10 |
| കോട്ടയം | 0 | 9 |
| ഇടുക്കി | 0 | 2 |
| എറണാകുളം | 13 | 8 |
| തൃശ്ശൂർ | 1 | 28 |
| പാലക്കാട് | 15 | 51 |
| മലപ്പുറം | 5 | 17 |
| കോഴിക്കോട് | 0 | 3 |
| വയനാട് | 13 | 2 |
| കണ്ണൂർ | 4 | 15 |
| കാസർഗോഡ് | 0 | 3 |
| ആകെ | **58** | **187** |

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതവും, വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 1ലക്ഷം രൂപ വീതവുമാണ് നിലവിലെ

ചട്ടപ്രകാരം നഷ്ടപരിഹാരമായി നൽകി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് നാളിതുവരെ മരണപ്പെട്ടവരുടെ ആശ്രിതർക്ക്, ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 377.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ ലഭിച്ച അപേക്ഷകളും ഇതിൽ ഉൾപ്പെട്ടും.

| | |
|---|---|
| (സി) കൃഷി നശിപ്പിച്ച് ശല്യം ചെയ്യുന്ന കാട്ടുമൃഗങ്ങളെ കൊല്ലുന്നതിന് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) ഇത്തരം ഉത്തരവുകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ